കേരള സർക്കാർ

നമ്പർ.30505/ഡി.ഡി.2/2012/തസ്വഭവ തദ്ദേശസ്വയംഭരണ(ഡി.ഡി.) വകുപ്പ്.
തിരുവനന്തപുരം, തീയതി: 31.05.2012.

# സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(കേരളം)-ഹരിത കേരളം പദ്ധതിയുമായുള്ള സംയോജനം-പദ്ധതി നടത്തിപ്പിനുള്ള പശ്ചാത്തല സൃഷ്ടിയും സമയബന്ധിത നിർവ്വഹണവും-നിർദ്ദേശങ്ങൾ-സംബന്ധിച്ച്.

സൂചന :-1. ഗവ: സർക്കുലർ നമ്പർ.20469/ഡി.ഡി.2/2009/തസ്വഭവ: തീയതി, 27-03-2009.
2. ഗവ: ഉത്തരവ് നമ്പർ ജി.ഒ.(ആർ.റ്റി.)248/2010/വനം-വന്യജീവി വകുപ്പ്: തീയതി, 02-06-2010.
3. സർക്കുലർ നമ്പർ.24402/ഡി.ഡി.2/2011/തസ്വഭവ: തീയതി, 16-05-2011.
4. സോഷ്യൽ ഫോറസ്ട്രി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 18.05.2012 ലെ SW1/2890/11നമ്പർ കത്ത്.

ഹരിത കേരളം പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെയും വനം വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ വിപുലമായ ഒരു പ്രവർത്തന പരിപാടിക്ക് സൂചന 1 പ്രകാരമുള്ള സർക്കുലർ അനുസരിച്ച് നിർദ്ദേശങ്ങൾ നൽകിയിരുന്നു. 2012-13 സാമ്പത്തിക വർഷവും പദ്ധതി സമയബന്ധിതമായി തന്നെ നടപ്പിലാക്കുവാൻ സൂചന 4 കത്ത് പ്രകാരം വനം വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. വനം വകുപ്പ് തയ്യാറാക്കിയിട്ടുള്ള 12 ലക്ഷം നടീൽ വസ്തുക്കളും(തേക്ക്, പ്ലാവ്, നാടൻ മാവ്, കൂവളം, നെല്ലി, ഞാവൽ, കുടംപുളി, പതിമുഖം, ബദാം, വേങ്ങ, സ്പതോടിയ കണിക്കൊന്ന, മണിമരുത്, അശോകം, ഉങ്ങ്, വേപ്പ് മുതലായ വൃക്ഷ ഇനങ്ങളും കൂടാതെ ഔഷധ സസ്യങ്ങളും അലങ്കാര സസ്യഇനങ്ങളും) പ്രയോജനപ്പെടുത്തി 2012-13 വർഷവും ഹരിത കേരളം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ഉത്തരവാകുന്നു. നടീൽ വസ്തുക്കൾ സൂചന രണ്ടിലെ ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള വിലയായ തൈ ഒന്നിന് അമ്പത് പൈസ പ്രകാരം വനം വകുപ്പിന്റെ നിർദ്ദിഷ്ട വിൽപ്പന കേന്ദ്രങ്ങളിൽ നിന്നും വാങ്ങി വിതരണം നടത്തേണ്ടതാണ്. ഇതിനാവശ്യമായ തുകയും, ബി.എൽ.റ്റി.എ.ജി. അംഗീകരിക്കുന്ന നിരക്കിൽ തൈകളുടെ ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്ക് എന്നിവയ്ക്കും ആവശ്യമായി വരുന്ന തുകയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി യുടെ സാധന ഘടകത്തിൽ ഉൾപ്പെടുത്താവുന്നതുമാണ്. കഴിഞ്ഞ വർഷങ്ങളിൽ വച്ചുപിടിപ്പിച്ച വൃക്ഷതൈകളുടെ അതിജീവനനിരക്ക് കുറവാണെന്നതിനാൽ ഇനി വച്ച് പിടിപ്പിക്കുന്ന തൈകൾ സംരക്ഷിച്ചു വളർത്തുന്നതിനും തൈകളുടെ അതിജീവന നിരക്ക് അവലോകനം ചെയ്യുന്നതിനും ഓരോ ഗ്രാമപഞ്ചായത്തും കർമ്മ പരിപാടി തയ്യാറാക്കി നടപ്പിലാക്കേണ്ടതുമാണ്.

മുൻ വർഷത്തേതു പോലെ, ഈക്കൊല്ലവും ജൂൺ 5-ന് ഹരിതകേരളം പദ്ധതി പ്രകാരം മരം നടീൽ മഹോത്സവം നടത്തുവാൻ തയ്യാറെടുപ്പുകൾ മുൻകൂട്ടി സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തു തലത്തിൽ ഹരിത കേരളം പദ്ധതി നിർവ്വഹണത്തിനുള്ള സംഘാടക സമിതിയിൽ സി.ഡി.എസ്., എൻ.ആർ.ഇ.ജി.എസ്. മേറ്റുമാരുടെ പ്രതിനിധികൾ, ഏറ്റവും കൂടുതൽ തൊഴിലെടുത്തവരുടെ പ്രതിനിധികൾ, മുതിർന്ന പൗരൻമാരുടെ പ്രതിനിധികൾ, കർഷക- കർഷകത്തൊഴിലാളി സംഘടനാ പ്രതിനിധികൾ, യുവജന സംഘടനാ പ്രതിനിധികൾ, കുട്ടികളുടെ സംഘടനാ പ്രതിനിധികൾ, സാമൂഹിക-സാംസ്കാരിക, വ്യാപാരി-വ്യവസായി സംഘടനാ പ്രതിനിധികൾ തുടങ്ങി എല്ലാ ജന വിഭാഗങ്ങളുടെയും വിപുലമായ പങ്കാളിത്തമുള്ള സമിതിയാണ് രൂപീകരിക്കേണ്ടത്. ഇതേ രൂപത്തിൽ വാർഡ് തലത്തിലും സംഘാടക സമിതി രൂപീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തു തലത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നേതൃത്വം നൽകണം. ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ ഇതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

ജൂൺ 5-ന് തൊഴിലുറപ്പ് പദ്ധതിയിലെ പണിയെടുത്തിട്ടുള്ള മുഴുവൻ അംഗങ്ങളുടെയും നേതൃത്വത്തിൽ ഓരോ വാർഡിലും പരിസ്ഥിതി പുന:സ്ഥാപന സന്ദേശ പ്രതിജ്ഞയും മരം നടീലും ഉണ്ടാകണം. മുൻ വർഷത്തിൽ ഏറ്റവും കൂടുതൽ ദിവസം പണി പൂർത്തിയാക്കിയ അംഗങ്ങളുടെ നേതൃത്വത്തിലായിരിക്കണം മരം നടീൽ ഉത്സവം ഉദ്ഘാടനം ചെയ്യേണ്ടത്.

സൂചന 1 പ്രകാരമുള്ള ഗവൺമെന്റ് സർക്കുലറിൽ പറഞ്ഞിട്ടുള്ള മറ്റെല്ലാ കർമ്മപരിപാടികളും സമയബന്ധിതമായി തന്നെ നിർവ്വഹിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതാണ്.

എം. ഉണ്ണികൃഷ്ണൻ,
സ്പെഷ്യൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്,(സാമൂഹ്യവനവൽക്കരണം).
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
6. എല്ലാ ജില്ലാകളക്ടർമാർ/ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും.
7. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
8. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/ സെക്രട്ടറിമാർക്കും.
(ഗ്രാമവികസന കമ്മീഷണർ മുഖേന)
9. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
10. ഡയറക്ടർ, കില, തൃശ്ശൂർ.
11. ഡയറക്ടർ, സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട്, കൊട്ടാരക്കര.
12. എല്ലാ പ്രോജക്റ്റ് ഡയറക്ടർമാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)
13. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും.
(ഗ്രാമവികസന കമ്മീഷണർ മുഖേന)
14. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും,
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
15. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിന് )
16. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Rcy

സെക്ഷൻ ഓഫീസർ